**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**09.02.2016 ൽ മറുപടിയ്ക്ക്**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.687**

## യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. വി.റ്റി.ബൽറാം**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.2013 മാർച്ച് 4-ാം തീയതി കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സർക്കാർ യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് നയംവഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വ്യത്യസ്ത ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവജനങ്ങളെ വിദ്യാഭ്യാസം, തൊഴിൽ,കൃഷി, മൃഗസംരക്ഷണം, ആരോഗ്യം-കായികം, കലയും സംസ്കാരവും, സാമൂഹികധർമ്മം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുവായുള്ളവ എന്നീ 9 പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരംതിരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടാണ് യുവജനനയം രൂപീകരിച്ചിട്ടുള്ളത്. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ സാഹചര്യങ്ങളിൽ അതിദ്രുതം സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുപൂരകമായി യുവജനങ്ങളുടെ സമഗ്രവികസനം സാധ്യമാക്കുന്നതരത്തിൽ കാലോചിതമായ നയമാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന തത്വം അടിസ്ഥാനപ്പെടുത്തിയാണ് ഈ നയം രൂപീകരിച്ചിരിക്കുന്നത്. നിയമസഭയിലെ യുവ സാമാജികർ, യുവാക്കളായ ജനപ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, യുവ മാധ്യമ പ്രവർത്തകർ, യുവ കലാസാഹിത്യകാരൻമാർ, വിവിധ മേഖലകളിലെ വിദഗ്ദർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് |

| | |
|---|---|
| | സംസ്ഥാനതലത്തിലും എല്ലാ ജില്ലകളിലും നടത്തിയ വിശദമായ ചർച്ചകളിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചാണ് ഈ നയം നിർമ്മിച്ചിട്ടുള്ളത്. യുവജനങ്ങളുടെ വികസനവും യുവജനങ്ങളിലൂടെ നാടിന്റെ വികസനവും സാധ്യമാക്കുന്നതിന് പുതിയ നയം പ്രത്യേകം ഊന്നൽ നൽകുന്നു. |
| (സി) നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | സി) യുവജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽരഹിതർക്ക വേണ്ടി ജോബ്ഫെസ്റ്റുകൾ, യുവസംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയിലി ലൈബ്രറിയ്ക്കും കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്തനിവാരണ സേന, മദ്യം മയക്കമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി, രക്തദാനസേന – ജീവദായനി, കാർഷിക സാക്ഷരത,യുവജനങ്ങളിൽ ദേശ്ശീയബോധം വളർത്തുന്നതിനായി ദേശീയോദ്ഗ്രഥന ക്യാമ്പ്,PSC/IBPS, സൗജന്യപരീക്ഷാ പരിശീലന പദ്ധതി, DTP/PSC Online പരീശീലനം, യുവമാധ്യമ പ്രവർത്തക ക്യാമ്പ്,സാഹിത്യക്യാമ്പ്,ചലച്ചിത്ര ക്യാമ്പ്,സ്ത്രീശാക്തീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ ശിൽപശാലകൾ, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലനങ്ങൾ മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ യുവജനക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**